# ക്രയവിക്രയം

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

എനിക്കു കിട്ടിയ വടിവെല്ലാം,
വാഹ്! വാഹ്!
ഞാൻ മുഖം ചോദിച്ചു വാങ്ങി.
നിനക്കു നീട്ടിയ നിധിയെല്ലാം
വാഹ്! വാഹ്!
നീ പാത്രം കാട്ടി സ്വരൂപിച്ചു.
കൈവിട്ട കാണിക്കവെടിയെല്ലാം
നമ്മളൊന്നിച്ചുതിർത്തു.
കിട്ടിയ പൈതൃകമെല്ലാം
നാം മുങ്ങിക്കളിച്ചുകുളിച്ചു.
വിധിചക്രം മുന്നേ കറക്കി –
തലവരവക്രമൊടിക്കാൻ.

അങ്ങേത്തലയ്ക്കലെപ്പാതിയിൽ
ആകാശച്ചോലയിൽ പിടയുന്ന
അർദ്ധസുഷുപ്തിതൻ മാരിവിൽ
നീലച്ചുവപ്പു രാശിയിൽ ഇന്ദ്രനായി:
ഞാൻ-നീ വ്യത്യാസമില്ലാതെ
നീ-ഞാൻ പരാവർത്തനമില്ലാതെ
നമ്മൾ-ഞങ്ങൾ അനുഭാവമില്ലാതെ
പകൽ-നിശാ പര്യയമറിയാതെ
സൌകുമാര്യ പ്രമദവനത്തിൽ
പീലി ചാർത്തും വളപ്പൊട്ടു വാർത്ത്
ചന്തമുള്ള ചക്രവാള സ്വപ്നം.

ഗോപികയെ തേടുന്ന രാമൻ,
സീതയെ തോണ്ടുന്ന കൃഷ്ണൻ.
സീതാരാമനും രാമകൃഷ്ണനും
ദ്വാരക മുതൽ അയോദ്ധ്യ വരെ

വിളിക്കാതെ കൊയ്യും വിളവെടുപ്പിൽ
ഗൃഹാതുരത്വ കൂടിക്കാഴ്ച്ചയ്ക്കു
ഗജകേസരിക്കോല നേർക്കാഴ്ചയിൽ
കൈക്കൊട്ടിക്കാട്ടി ക്ഷണിക്കുന്നു:
തുറക്കുമ്പോൾ അടയുന്ന നിന്റെ മനം
അടുക്കുമ്പോൾ അകലുന്ന എന്റെ മൌനം.
കാണുന്നതല്ല കാണുന്നതെന്ന തോന്നൽ
കാണാമറയത്തെ നിറഞ്ഞ വിഭവം.
കാണാത്തതാണ് പ്രധാനമെന്ന ജ്ഞാനം
ചിരട്ടത്രാസ്സിലെ കളിക്കൂട്ടുതീർക്കുന്ന
സമാനമില്ലാത്ത സമവായത്തിനായ്
ക്രയവിക്രയ പട്ടുകോടി വെട്ടിത്തുന്നി
ഉയർന്നു പറക്കുന്ന പട്ടമാക്കി
ഉൾവിളിച്ചികിത്സയിൽ കുഴലൂതി
ഹൃദയമാപിനിയിൽ കുറിമാനം!
***************************************************************